മത്സ്യത്തൊഴിലാളികൾക്ക് തടി.

* 850. [45] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ

(എ) പി. എസ്സ്. പി. മന്ത്രിസഭ തീരദേശമത്സ്യത്തൊഴിലാളികൾക്ക് വള്ളങ്ങൾ നിർമ്മിക്കുന്നതിനും, മറ്റും വേണ്ട തടി സൗജന്യനിരക്കിൽ വിതരണം ചെയ്യുവാൻ എന്തെങ്കിലും പദ്ധതി അംഗീകരിച്ചിട്ടുണ്ടായിരുന്നോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് ഇന്നത്തെ മന്ത്രിസഭ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഗവണ്മെൻറ് ഒരു പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ഗവണ്മെൻറിന്റെ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികളിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തടി വിതരണം ചെയ്യുന്നതിനു വേണ്ട മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ട്രാൻസ്പോർട്ട് പണിമുടക്കുകാലത്തു റിക്രൂട്ടുചെയ്തവർ.

* 851. [46] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ :

(എ) 1954 ആഗസ്റ്റുമാസത്തിൽ നടന്ന ട്രാൻസ്പോർട്ട് പണിമുടക്കുകാലത്തു് ഡ്രൈവർമാരായും കണ്ടക്ടർമാരായും എത്ര പേരെ റിക്രൂട്ടുചെയ്തിട്ടുണ്ട് ;

(ബി) അവർ ഏതു കാലം മുതൽ ഏതു കാലംവരെ സർവ്വീസിൽ ഉണ്ടായിരുന്നു ;

(സി) അവരെ ഡിപ്പാർട്ടുമെൻറിലെ സ്ഥിരം സർവ്വീസിലെടുക്കുവാൻ കഴിഞ്ഞ മന്ത്രിസഭ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നോ ;

(ഡി) അവരെ ഉടനടി സർവ്വീസിലെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഡ്രൈവർമാർ 181; കണ്ടക്ടർമാർ 271.

(ബി) അവരെ 28-8-1954 മുതൽ 10 (പത്തു്) ദിവസത്തേയ്ക്ക് റിസർവ്വായി നിർത്തിയിരുന്നു.

(സി) അവരിൽ നിന്നും 100 കണ്ടക്ടറന്മാരെയും, 25 ഡ്രൈവർമാരെയും സർവ്വീസിലേയ്ക്കെടുക്കുന്നതിനു് തിരഞ്ഞെടുപ്പു നടത്താൻ മുൻ ഗവണ്മെൻറ് പബ്ലിക്കു സർവ്വീസു് കമ്മിഷനോടു് ആവശ്യപ്പെട്ടിരുന്നു.

(ഡി) പബ്ലിക്കു സർവ്വീസ് കമ്മിഷൻറെ ഉപദേശം ലഭിച്ചാൽ ഉടനെ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly